# മധുരമായ കുട്ടികളെ – നിങ്ങൾ ബാബയുടെ അടുത്ത് വന്നിരിക്കുന്നത് തന്റെ സൗഭാഗ്യം ഉണ്ടാക്കാനാണ്, ആരിൽ നിന്നാണോ ഈശ്വരൻ എല്ലാം സ്വീകരിക്കുന്നത് അവരുടേതാണ് പരമ സൗഭാഗ്യം

**ചോദ്യം:–** കുട്ടികളുടെ ഏതൊരു തെറ്റിനാലാണ് മായ വളരെ ശക്തിശാലിയായി മാറുന്നത്?
**ഉത്തരം:–** കുട്ടികൾ ഭോജനം കഴിക്കുന്ന സമയത്ത് ബാബയെ മറക്കുന്നു, ബാബയെ കഴിപ്പിക്കാത്തതു കാരണം മായ ഭക്ഷണം കഴിക്കുന്നു, അങ്ങനെ മായ ബലവാനായി മാറുന്നു, പിന്നീട് കുട്ടികളെത്തന്നെ ബുദ്ധിമുട്ടിച്ചുകൊണ്ടിരിക്കും. ഈ ചെറിയൊരു തെറ്റ് മായയോട് തോൽക്കുന്നതിന് കാരണമാകുന്നു ആയതിനാൽ ബാബയുടെ ആജ്ഞയാണ് – കുട്ടികളേ, ഓർമ്മയിൽ ഇരുന്ന് കഴിക്കൂ. പക്കാ പ്രതിജ്ഞ ചെയ്യൂ– അങ്ങയോടൊപ്പം കഴിക്കും... എപ്പോൾ ഓർമ്മിക്കുന്നുവോ അപ്പോൾ ബാബ പ്രസന്നനാകും.

**ഗീതം:–** ഇന്നല്ലെങ്കിൽ നാളെ ഈ മേഘങ്ങൾ അകലും....

**ഓം ശാന്തി.** കുട്ടികൾ മനസ്സിലാക്കുന്നുണ്ട് നമ്മുടെ ദുർഭാഗ്യത്തിന്റെ ദിനങ്ങൾ മാറി ഇപ്പോൾ സദാ സമയത്തേയ്ക്ക് സൗഭാഗ്യത്തിന്റെ ദിനങ്ങൾ വരികയാണ്. നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ച് ഭാഗ്യം മാറിക്കൊണ്ടിരിക്കും. സ്ക്കൂളിലും ഭാഗ്യം മാറിക്കൊണ്ടിരിക്കില്ലേ അർത്ഥം ഉയർച്ച പ്രാപിച്ചുകൊണ്ടിരിക്കും. നിങ്ങൾക്ക് നല്ലരീതിയിൽ അറിയാം – ഇപ്പോൾ ഈ രാത്രി അവസാനിക്കാൻ പോവുകയാണ്, ഇപ്പോൾ ഭാഗ്യം മാറുകയാണ്. ജ്ഞാനത്തിന്റെ മഴ ഉണ്ടായിക്കൊണ്ടിരിക്കുന്നു. വിവേകശാലികളായ കുട്ടികൾ മനസ്സിലാക്കുന്നുണ്ട് നമ്മൾ ദുർഭാഗ്യശാലിയിൽ നിന്നും സൗഭാഗ്യശാലിയായി മാറുകയാണ് അർത്ഥം സ്വർഗ്ഗത്തിന്റെ അധികാരിയാവുകയാണ്. നമ്പർവൈസ് പുരുഷാർത്ഥത്തിന്റെ ആധാരത്തിൽ നമ്മൾ നമ്മുടെ ദുർഭാഗ്യത്തെ സൗഭാഗ്യമാക്കി മാറ്റുകയാണ്. ഇപ്പോൾ രാത്രിയിൽ നിന്നും പകലാവുകയാണ്. ഇത് നിങ്ങൾ കുട്ടികൾക്കല്ലാതെ മറ്റാർക്കും അറിയില്ല. ബാബ ഗുപ്തമായതിനാൽ ബാബയുടെ വാക്കുകളും ഗുപ്തമാണ്. തീർച്ചയായും മനുഷ്യർ സഹജ രാജയോഗത്തെക്കുറിച്ചും സഹജ ജ്ഞാനത്തെക്കുറിച്ചും ശാസ്ത്രങ്ങളിൽ എഴുതിയിട്ടുണ്ട്. എന്നാൽ ആരാണോ എഴുതിയത് അവർ മരിച്ചുകഴിഞ്ഞു. ബാക്കി ആരാണോ അത് വായിക്കുന്നത് അവർക്ക് ഒന്നും മനസ്സിലാക്കാൻ സാധിക്കുന്നില്ല എന്തുകൊണ്ടെന്നാൽ വിവേകമില്ലാത്തവരാണ്. എത്ര വ്യത്യാസമാണ്. നിങ്ങളും നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ചാണ് മനസ്സിലാക്കുന്നത്. എല്ലാവരും ഏകരസമായല്ല പുരുഷാർത്ഥം ചെയ്യുന്നത്. ദുർഭാഗ്യം എന്ന് എന്തിനെയാണ് പറയുന്നത്, സൗഭാഗ്യം എന്ന് എന്തിനെയാണ് പറയുന്നത്– ഇത് നിങ്ങൾ ബ്രാഹ്മണർ മാത്രമേ അറിയുന്നുള്ളൂ. ബാക്കി എല്ലാവരും ഘോരാന്ധകാരത്തിലാണ്. മനസ്സിലാക്കിക്കൊടുത്ത് അവരെ ഉണർത്തണം. സൗഭാഗ്യശാലി എന്നു പറയുന്നത് സൂര്യവംശികളെയാണ്, അവരാണ് 16 കലാ സമ്പൂർണ്ണർ. നമ്മൾ സ്വർഗ്ഗത്തിലേയ്ക്കായി ബാബയിൽ നിന്നും സൗഭാഗ്യം ഉണ്ടാക്കുകയാണ്, നമ്മുടെ അച്ഛനാണ് സ്വർഗ്ഗം രചിക്കുന്നത്. ഇംഗ്ലീഷ് അറിയുന്നവർക്കും മനസ്സിലാക്കിക്കൊടുക്കാൻ നിങ്ങൾക്ക് സാധിക്കും ഞങ്ങൾ ഹെവൻലി ഗോഡ് ഫാദറിലൂടെ ഹെവന്റെ സൗഭാഗ്യം ഉണ്ടാക്കുകയാണ്. സ്വർഗ്ഗത്തിൽ സുഖമാണ്, നരകത്തിൽ ദുഃഖമാണ്. ഗോൾഡൻ ഏജ് എന്നു പറഞ്ഞാൽ സത്യയുഗത്തിലെ സുഖം, അയൺ ഏജ് എന്നു പറഞ്ഞാൽ കലിയുഗത്തിലെ ദുഃഖം. വളരെ സഹജമായ കാര്യമാണ്. എവിടെ നിന്നാണോ പാർട്ട് അഭിനയിക്കാനായി വന്നത് അവിടേയ്ക്ക് വീണ്ടും പോകണം. ബാബ സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുന്ന ഗോഡ് ഫാദറാണ്. ബാബയാണ് ഞങ്ങൾക്ക് പറഞ്ഞുതന്നത് ഞങ്ങൾ നിങ്ങൾക്കും സത്യമായ വഴി പറഞ്ഞുതരുന്നു. ഗോഡ് ഫാദറായ ബാബയെ ഓർമ്മിക്കൂ എങ്കിൽ അന്തിമ ചിത്തം പോലെ ഗതിയുണ്ടാകും. അഥവാ ആരെങ്കിലും അസുഖം ബാധിച്ച് കിടപ്പിലായാൽ എല്ലാവരും ചെന്ന് അവരോട് രാമ–രാമാ എന്നു ജപിക്കാൻ ഉപദേശിക്കും. ബംഗാളിൽ ആരെങ്കിലും മരണക്കിടക്കയിലാണെങ്കിൽ അവരെ ഗംഗയിലേയ്ക്ക് കൊണ്ടുപോകും എന്നിട്ട് ഹരി ഹരി എന്നു പറയൂ എങ്കിൽ ഹരിയുടെ അടുത്തെത്താൻ സാധിക്കും എന്നു പറയും. എന്നാൽ ആരും പോകുന്നില്ല. രാമ–രാമാ എന്നോ ഹരി–ഹരി എന്നോ ജപിക്കാൻ സത്യയുഗത്തിൽ പറയില്ല. ദ്വാപരം മുതലാണ് ഈ ഭക്തിമാർഗ്ഗം ആരംഭിക്കുന്നത്. സത്യയുഗത്തിൽ ആരും ഭഗവാനെയോ അല്ലെങ്കിൽ ഗുരുവിനെയോ ആരാധിക്കില്ല. അവിടെ കേവലം തന്റെ ആത്മാവിനെ മാത്രമാണ് ഓർമ്മിക്കുന്നത്, ഞാൻ ആത്മാവ് ഒരു ശരീരം ഉപേക്ഷിച്ച് അടുത്തത് എടുക്കും. തന്റെ രാജധാനി ഓർമ്മവരും. മനസ്സിലാക്കും ഞാൻ രാജധാനിയിൽ ചെന്ന് ജന്മമെടുക്കും. ഇത് ഇപ്പോൾ പക്കാ നിശ്ചയമല്ലേ, രാജധാനി ലഭിക്കേണ്ടതുതന്നെയല്ലേ. ബാക്കി അവിടെ ആരെയെങ്കിലും ഓർമ്മിക്കുകയോ അഥവാ ദാന പുണ്യങ്ങൾ ചെയ്യുകയോ ചെയ്യുമോ? ആർക്കെങ്കിലും ഇരുന്ന് ദാനപുണ്യം ചെയ്യാൻ അവിടെ ദരിദ്രരായി ആരും

ഉണ്ടായിരിക്കില്ല. ഭക്തിമാർഗ്ഗത്തിലെ ആചാര രീതികൾ വേറെയാണ്, ജ്ഞാനമാർഗ്ഗത്തിലെ ആചാര രീതികൾ വേറെയാണ്. ഇപ്പോൾ ബാബയ്ക്ക് എല്ലാം നൽകി 21 ജന്മങ്ങളിലേയ്ക്കുള്ള സമ്പത്ത് നേടി. കഴിഞ്ഞു, പിന്നീട് ദാന പുണ്യം ചെയ്യേണ്ട ആവശ്യമില്ല. ഈശ്വരനായ ബാബയ്ക്ക് നമ്മൾ എല്ലാം നൽകുന്നു. ഈശ്വരൻ തന്നെയാണ് സ്വീകരിക്കുന്നത്. സ്വീകരിക്കുന്നില്ലെങ്കിൽ പിന്നെ എങ്ങനെ നൽകാൻ സാധിക്കും? അഥവാ സ്വീകരിക്കുന്നില്ലെങ്കിൽ അതും ദുർഭാഗ്യമാണ്. പലതും അവരുടെ മമത്വം ഇല്ലാതാക്കുന്നതിനായി സ്വീകരിക്കേണ്ടതായി വരുന്നു. ഈ രഹസ്യവും നിങ്ങൾ കുട്ടികൾക്ക് അറിയാം. എപ്പോൾ ആവശ്യമേ ഇല്ലയോ അപ്പോൾ എങ്ങനെ സ്വീകരിക്കും? ഇവിടെ ഒന്നും ശേഖരിച്ച് വെയ്ക്കേണ്ടതില്ല. ഇവിടെ നിന്നും മമത്വം ഇല്ലാതാക്കുകയാണ് വേണ്ടത്.

ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് – പുറത്ത് എവിടേയ്ക്ക് പോവുകയാണെങ്കിലും സ്വയം ഭാരരഹിതമാണ് എന്ന് കരുതൂ. നമ്മൾ ബാബയുടെ കുട്ടികളാണ്, നമ്മൾ ആത്മാക്കൾ റോക്കറ്റിനേക്കാൾ വേഗതയുള്ളതാണ്. ഇങ്ങനെ ദേഹീ അഭിമാനിയായി നടക്കുകയാണെങ്കിൽ ഒരിയ്ക്കലും ക്ഷീണിക്കില്ല. ദേഹത്തിന്റെ അഭിമാനം ഉണ്ടാകില്ല. ഈ കാലുകൾ ചലിക്കുകയല്ല, നമ്മൾ പറക്കുകയാണ് എന്ന് തോന്നും. ദേഹീ അഭിമാനിയായി നിങ്ങൾ എവിടേയ്ക്ക് വേണമെങ്കിലും പൊയ്ക്കോളൂ. മുമ്പും മനുഷ്യർ തീർത്ഥ യാത്രയ്ക്കെല്ലാം കാൽനടയായാണ് പോയത്. ആ സമയത്ത് മനുഷ്യരുടെ ബുദ്ധി തമോപ്രധാനമായിരുന്നില്ല. വളരെ ഭാവനയോടെ പോകുമായിരുന്നു, ക്ഷീണിക്കില്ല. ബാബയെ ഓർമ്മിക്കുന്നതിലൂടെ സഹായം ലഭിക്കുമല്ലോ. തീർച്ചയായും അത് കല്ലുകൊണ്ടുള്ള മൂർത്തിയാണ് എങ്കിലും ബാബ ആ സമയത്ത് അല്പകാലത്തിലെ മനോകാമന പൂർത്തികരിക്കും. ആ സമയത്ത് രജോപ്രധാനമായ ഓർമ്മയായിരുന്നു അതിനാൽ അതിൽ നിന്നും ബലം ലഭിച്ചിരുന്നു, ക്ഷീണം തോന്നില്ലായിരുന്നു. ഇപ്പോൾ വലിയ ആളുകൾ പോലും പെട്ടെന്ന് ക്ഷീണിക്കുന്നു. പാവപ്പെട്ടവർ ഒരുപാട് തീർത്ഥയാത്രകൾ നടത്തുന്നു. ധനവാന്മാർ വളരെ ആഢംബരത്തോടെ കുതിര മുതലായവയിൽ പോകും. പാവങ്ങളാണെങ്കിൽ കാൽനടയായി പോകും. ഭാവനയ്ക്കുള്ള ഫലം എത്രത്തോളം പാവങ്ങൾക്ക് ലഭിക്കുന്നുവോ അത്രയും ധനവാന്മാർക്ക് ലഭിക്കുന്നില്ല. നിങ്ങൾക്ക് അറിയാം ഈ സമയത്തും ബാബ പാവങ്ങളുടെ തോഴനാണ് എന്നിട്ടും ആശയക്കുഴപ്പത്തിൽ വരുന്നതെന്തിനാണ്? എന്തുകൊണ്ടാണ് മറന്നുപോകുന്നത്? ബാബ പറയുന്നു നിങ്ങൾക്ക് ഒട്ടും ബുദ്ധിമുട്ടേണ്ടതില്ല. കേവലം ഒരു പ്രിയതമനെ ഓർമ്മിക്കണം. നിങ്ങൾ എല്ലാവരും പ്രിയതമകളാണ് അതിനാൽ ഒരു പ്രിയതമനെ ഓർമ്മിക്കണം. ഇങ്ങനെയുള്ള പ്രിയതമന് സമർപ്പിക്കാതെ ഭക്ഷണം കഴിക്കുന്നതിൽ ലജ്ജ തോന്നുന്നില്ലേ? ബാബ പ്രിയതമനുമാണ്, പിതാവുമാണ്. ചോദിക്കുന്നു എന്താ നിങ്ങൾ എന്നെ കഴിപ്പിക്കില്ലേ! നിങ്ങൾ എന്നെ കഴിപ്പിക്കേണ്ടതല്ലേ! നോക്കൂ, ബാബ യുക്തികൾ പറഞ്ഞുതരുന്നു. നിങ്ങൾ ബാബ അഥവാ പ്രിയതമനെ അംഗീകരിക്കുന്നുണ്ടല്ലോ അല്ലേ. ആരാണോ കഴിപ്പിക്കുന്നത് അവരെയല്ലേ ആദ്യം കഴിപ്പിക്കേണ്ടത്. ബാബ പറയുന്നു എനിക്ക് ഭോഗ് സമർപ്പിച്ച് എന്റെ ഓർമ്മയിൽ കഴിക്കൂ. ഇതിൽ വളരെ വലിയ പരിശ്രമമുണ്ട്. ബാബ വീണ്ടും വീണ്ടും മനസ്സിലാക്കിത്തരുന്നു, ബാബയെ തീർച്ചയായും ഓർമ്മിക്കണം. ബ്രഹ്മാ ബാബയും സ്വയം വീണ്ടും വീണ്ടും പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുന്നു. നിങ്ങൾ കുമാരിമാർക്ക് വളരെ സഹജമാണ്. നിങ്ങൾ ഏണിപ്പടി ഇറങ്ങിയിട്ടേയില്ല. കന്യകയ്ക്ക് പ്രിയതമനുമായി വിവാഹനിശ്ചയം തീർച്ചയായും ഉണ്ടാകും. അതിനാൽ ഇങ്ങനെയുള്ള പ്രിയതമനെ ഓർമ്മിച്ച് ഭക്ഷണം കഴിക്കണം. ബാബയെ നമ്മൾ ഓർമ്മിക്കുന്നു ഉടൻ ബാബ നമ്മുടെ അടുത്ത് എത്തുന്നു. ഓർമ്മിച്ചാൽ ഭാവന സ്വീകരിക്കും. അപ്പോൾ ഇങ്ങനെ–ഇങ്ങനെ ബാബയോട് സംസാരിക്കണം. രാത്രി ഉണർന്നിരിക്കുന്നതിലൂടെ നിങ്ങൾക്ക് ഇത് ശീലമാകും. ശീലമായാൽ പിന്നെ പകലും ഓർമ്മ നിൽക്കും. ഭോജനം കഴിക്കുമ്പോഴും ഓർമ്മയുണ്ടായിരിക്കണം. പ്രിയതമനുമായി നിങ്ങളുടെ വിവാഹനിശ്ചയം കഴിഞ്ഞിരിക്കുകയാണ്. അങ്ങയോടൊപ്പം കഴിക്കും... ഇത് പക്കയായി പ്രതിജ്ഞ ചെയ്യണം. എപ്പോൾ ഓർമ്മിക്കുന്നുവോ അപ്പോഴല്ലേ ബാബ കഴിക്കൂ. ബാബയ്ക്ക് ഭാവന മാത്രമേ വേണ്ടൂ എന്തുകൊണ്ടെന്നാൽ ബാബയ്ക്ക് സ്വന്തമായി ശരീരമില്ലല്ലോ. കുമാരിമാർക്ക് വളരെ സഹജമാണ്, എന്തെന്നാൽ അവർക്ക് കൂടുതൽ സൗകര്യങ്ങളുണ്ട്. ശിവബാബ നമ്മുടെ സുന്ദരനായ പ്രിയതമൻ എത്ര മധുരമാണ്. അരകല്പം ഞങ്ങൾ അങ്ങയെ ഓർമ്മിച്ചു, ഇപ്പോൾ അങ്ങ് വന്ന് ഞങ്ങളെ കാണുന്നു! ഞങ്ങൾ എന്താണോ കഴിക്കുന്നത്, അത് അങ്ങും കഴിക്കൂ. ആരംഭത്തിൽ ഒരു തവണ ഓർമ്മിച്ച് പിന്നീട് നിങ്ങൾ സ്വയം കഴിച്ചുകൊണ്ടിരിക്കുക, ബാബയെ കഴിപ്പിക്കുന്നത് മറന്നേക്കുക, ഇങ്ങനെയല്ല. ബാബയെ മറന്നാൽ ബാബയ്ക്ക് എന്താണ് ലഭിക്കുക. വളരെ അധികം സാധനങ്ങൾ കഴിക്കുന്നുണ്ട്, കിച്ചടി കഴിക്കും, മാമ്പഴം കഴിക്കും, മധുരം കഴിക്കും... ആരംഭത്തിൽ ഓർമ്മിച്ചു പിന്നെ മറന്നുപോയി എങ്കിൽ മറ്റു സാധനങ്ങളെല്ലാം ബാബ എങ്ങനെ കഴിക്കും. പ്രിയതമൻ കഴിച്ചില്ലെങ്കിൽ ഇടയിൽ മായ വന്ന് കഴിക്കും, ബാബയെ കഴിക്കാൻ അനുവദിക്കില്ല. ഞാൻ കാണുന്നുണ്ട് മായ കഴിച്ച് ശക്തിശാലിയായി മാറി പിന്നീട് നിങ്ങളെ തന്നെ തോൽപ്പിച്ചുകൊണ്ടിരിക്കുന്നു. ബാബ എല്ലാ യുക്തികളും പറഞ്ഞുതരുന്നു. ബാബയെ ഓർമ്മിക്കൂ എങ്കിൽ ബാബ അഥവാ പ്രിയതമൻ

വളരെ പ്രസന്നനാകും. പറയുന്നു ബാബാ അങ്ങയോടൊപ്പം ഇരിക്കും, അങ്ങയോടൊപ്പം കഴിക്കും. ഞങ്ങൾ അങ്ങയെ ഓർമ്മിച്ച് കഴിക്കുന്നു. ജ്ഞാനത്താൽ അറിയാം അങ്ങ് ഭാവന മാത്രമേ സ്വീകരിക്കൂ. ഇത് ലോണെടുത്ത ശരീരമാണ്. ഓർമ്മിക്കുന്നതിലൂടെ ബാബ വരുന്നു. നിങ്ങളുടെ ഓർമ്മയാണ് എല്ലാത്തിന്റേയും ആധാരം. ഇതിനെയാണ് യോഗം എന്നു പറയുന്നത്. യോഗത്തിൽ പരിശ്രമമുണ്ട്. സന്യാസിയും-മുനിയും ഒരിക്കലും ഇങ്ങനെ പറയില്ല. അഥവാ നിങ്ങൾക്ക് പുരുഷാർത്ഥം ചെയ്യണമെങ്കിൽ ബാബയുടെ ശ്രീമതം കുറിച്ചുവെയ്ക്കൂ. പൂർണ്ണ പുരുഷാർത്ഥം ചെയ്യൂ. ബാബ തന്റെ അനുഭവം പറയുകയാണ്- പറയുന്നു എങ്ങനെയുള്ള കർമ്മം ഞാൻ ചെയ്യുന്നുവോ, അത് നിങ്ങളും ചെയ്യൂ. അതേ കർമ്മമാണ് ഞാൻ നിങ്ങളെ പഠിപ്പിക്കുന്നത്. ബാബയ്ക്ക് കർമ്മം ചെയ്യേണ്ടതില്ല. സത്യയുഗത്തിൽ കർമ്മം ഒരിക്കലും വിനയാകില്ല. ബാബ വളരെ സഹജമായ കാര്യങ്ങൾ പറഞ്ഞുതരുന്നു. അങ്ങയോടൊപ്പമേ ഇരിക്കൂ, കേൾക്കൂ, അങ്ങയോടൊപ്പമേ കഴിക്കൂ... ഇത് നിങ്ങൾ തന്നെയാണ് പാടിയത്. പ്രിയതമന്റെ രൂപത്തിൽ അല്ലെങ്കിൽ അച്ഛന്റെ രൂപത്തിൽ ഓർമ്മിക്കൂ. പാടിയിട്ടുണ്ടല്ലോ- വിചാരസാഗര മഥനം ചെയ്ത് ജ്ഞാനത്തിന്റെ പോയിന്റ്സ് കണ്ടെത്തൂ. ഈ അഭ്യാസത്തിലൂടെ വികർമ്മവും വിനാശമാകും, ആരോഗ്യവാനായും മാറും. ആരാണോ പുരുഷാർത്ഥം ചെയ്യുന്നത് അവർക്ക് ലാഭമുണ്ടാകും, ആരാണോ പുരുഷാർത്ഥം ചെയ്യാത്തത് അവർക്ക് നഷ്ടമുണ്ടാകും. മുഴുവൻ ലോകവും വിശ്വത്തിന്റെ അധികാരിയായി മാറില്ല. ഇതും കണക്കാണ്.

ബാബ വളരെ നല്ലരീതിയിൽ മനസ്സിലാക്കിത്തരുന്നു. ഗീതം കേട്ടല്ലോ നമ്മൾ യാത്ര പോവുകയാണ്. യാത്രയിൽ ഭോജനം മുതലായവ കഴിക്കേണ്ടതായി വരും, പ്രിയതമൻ പ്രിയതമയോടൊപ്പവും, കുട്ടികൾ അച്ഛനോടൊപ്പവും കഴിക്കും. ഇവിടെയും അങ്ങനെയാണ്. നിങ്ങൾക്ക് പ്രിയതമനോട് എത്ര സ്നേഹമുണ്ടോ അത്രയും സന്തോഷത്തിന്റെ രസം ഉയരും. നിശ്ചയബുദ്ധി വിജയിയായി മാറും. യോഗം അർത്ഥം മത്സരം. ഇത് ബുദ്ധിയോഗത്തിന്റെ മത്സരമാണ്. നമ്മൾ വിദ്യാർത്ഥികളാണ്, ടീച്ചർ നമ്മളെ ഓടാൻ പഠിപ്പിക്കുകയാണ്. ബാബ പറയുന്നു പകൽ കർമ്മം മാത്രം ചെയ്താൽ മതി എന്നു കരുതരുത്. ആമയെപ്പോലെ കർമ്മം ചെയ്തതിനുശേഷം ഓർമ്മയിൽ ഇരിക്കണം. ഭ്രമരി മുഴുവൻ ദിവസവും ഭൂം-ഭൂം എന്നു പറഞ്ഞു കൊണ്ടിരിക്കും. പിന്നീട് ചിലത് പറക്കും, ചിലത് മരിക്കും, അതും ഒരു ദൃഷ്ടാന്തമാണ്. ഇവിടെ നിങ്ങൾ ഭൂം-ഭൂം ചെയ്ത് തനിക്കു സമാനമാക്കി മാറ്റുന്നു. അതിൽ ചിലർക്ക് വളരെ അധികം സ്നേഹമുണ്ടാകും. ചിലർ ക്ഷീണിക്കും, ചിലർ അപൂർണ്ണമായിരിക്കും, ഉപേക്ഷിച്ച് പോകും പിന്നീട് കീടമായിമാറും. അതിനാൽ ഈ ഭൂം-ഭൂം ചെയ്യുന്നത് വളരെ സഹജമാണ്. മനുഷ്യനിൽ നിന്നും ദേവതയാക്കി മാറ്റി യുദ്ധമൊന്നും ചെയ്യാതെ... ഇപ്പോൾ നമ്മൾ യോഗം വെയ്ക്കുകയാണ്, ദേവതയായി മാറുന്നതിനുള്ള പുരുഷാർത്ഥം ചെയ്യുകയാണ്. ഇതേ ജ്ഞാനം ഗീതയിൽ ഉണ്ടായിരുന്നു. ഭഗവാൻ മനുഷ്യനിൽ നിന്നും ദേവതയാക്കി മാറ്റുന്നു. സത്യയുഗത്തിൽ എല്ലാവരും ദേവതകളായിരുന്നു. തീർച്ചയായും സംഗമയുഗത്തിൽ വന്നായിരിക്കും അവരെ ദേവതയാക്കി മാറ്റിയത്. അവിടെ ദേവതയായി മാറുന്നതിനുള്ള യോഗം പഠിപ്പിക്കില്ല. സത്യയുഗത്തിന്റെ ആരംഭത്തിൽ ദേവീദേവതാ ധർമ്മമുണ്ടായിരുന്നു പിന്നെ കലിയുഗത്തിന്റെ അന്ത്യത്തിൽ ആസുരീയ ധർമ്മമാണ്. ഈ കാര്യങ്ങൾ ഗീതയിൽ മാത്രമേ എഴുതിയിട്ടുള്ളു. മനുഷ്യനെ ദേവതയാക്കി മാറ്റുന്നതിൽ സമയം എടുക്കുന്നില്ല എന്തുകൊണ്ടെന്നാൽ പ്രധാന ലക്ഷ്യം പറഞ്ഞുതരുന്നു. അവിടെ മുഴുവൻ ലോകത്തിനും ഒരു ധർമ്മമായിരിക്കും. മുഴുവൻ ലോകവും ഉണ്ടാകുമല്ലോ. ചൈനയും യൂറോപ്പും ഉണ്ടാകില്ല എന്നല്ല, ഉണ്ടാകും എന്നാൽ അവിടെ മനുഷ്യരുണ്ടാകില്ല. ദേവതാ ധർമ്മത്തിലുള്ളവർ മാത്രമേ ഉണ്ടാകൂ, മറ്റൊരു ധർമ്മത്തിലുള്ളവരും ഉണ്ടാകില്ല. ഇപ്പോൾ കലിയുഗമാണ്. നമ്മൾ ഭഗവാനിലൂടെ മനുഷ്യനിൽ നിന്നും ദേവതയായി മാറുകയാണ്. ബാബ പറയുന്നു നിങ്ങൾ 21 ജന്മങ്ങളിലേയ്ക്ക് സദാ സുഖിയായി മാറും. ഇതിൽ ബുദ്ധിമുട്ടിന്റെ ഒരു കാര്യവുമില്ല. ഭക്തിമാർഗ്ഗത്തിൽ ഭഗവാന്റെ അടുത്ത് എത്താനായി എത്ര പരിശ്രമിച്ചിരിക്കുന്നു. നിർവ്വാണത്തിലേക്ക് പോയി എന്നു പറയും. ഭഗവാന്റെ അടുത്തേയ്ക്ക് പോയി എന്ന് ഒരിയ്ക്കലും പറയില്ല. സ്വർഗ്ഗത്തിലേയ്ക്ക് പോയി എന്നാണ് പറയാറ്. ഒരാൾ പോകുന്നതു കൊണ്ട് സ്വർഗ്ഗം ഉണ്ടാകില്ല. എല്ലാവർക്കും പോകണം. ഭഗവാൻ കാലന്റേയും കാലനാണ് എന്ന് ഗീതയിൽ എഴുതിയിട്ടുണ്ട്. കൊതുകിൻ കൂട്ടത്തെപ്പോലെ എല്ലാവരേയും തിരിച്ച് കൊണ്ടുപോകും. ബുദ്ധിയും പറയുന്നുണ്ട് ചക്രത്തിന് ആവർത്തിക്കണം. എങ്കിൽ തീർച്ചയായും ആദ്യമാദ്യം സത്യയുഗീ ദേവീദേവതാ ധർമ്മം ആവർത്തിക്കും. പിന്നീട് മറ്റു ധർമ്മങ്ങൾ ആവർത്തിക്കും. ബാബ എത്ര സഹജമായി പറഞ്ഞുതരുന്നു- മന്മനാഭവ. അത്രയേയുള്ളു. 5000 വർഷങ്ങൾക്ക് മുമ്പും ഗീതയുടെ ഭഗവാൻ പറഞ്ഞിരുന്നു ഓമന മക്കളേയെന്ന്. അഥവാ കൃഷ്ണനാണ് എന്നു പറഞ്ഞാൽ മറ്റു ധർമ്മത്തിലുള്ളവരൊന്നും അംഗീകരിക്കില്ല. ഭഗവാൻ പറയുകയാണെങ്കിൽ എല്ലാവരും അംഗീകരിക്കണം - ഗോഡ്ഫാദർ സ്വർഗ്ഗം സ്ഥാപിക്കുകയാണ് പിന്നീട് നമ്മൾ അവിടെ പോയി ചക്രവർത്തിയായി മാറും. ഇതിൽ ചിലവിന്റെ ഒരു കാര്യവുമില്ല കേവലം സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തെ അറിയണം.

നിങ്ങൾ കുട്ടികൾക്ക് വിചാരസാഗര മഥനം ചെയ്യണം. കർമ്മം ചെയ്തുകൊണ്ടും രാവും പകലും ഇങ്ങനെ പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കൂ. വിചാര സാഗര മഥനം ചെയ്യുന്നില്ല, ബാബയെ ഓർമ്മിക്കുന്നുമില്ല, കേവലം കർമ്മം മാത്രം ചെയ്തുകൊണ്ടിരുന്നാൽ രാത്രിയിലും ഇതേ ചിന്തയായിരിക്കും വരിക. വീട് നിർമ്മിക്കുന്നവർക്ക് വീടിന്റെ ചിന്തയേ വരൂ. തീർച്ചയായും വിചാര സാഗര മഥനം ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം ബ്രഹ്മാബാബയ്ക്കാണ് എങ്കിലും പറയുന്നു കലശം ലക്ഷ്മിയ്ക്കാണ് നൽകിയത് നിങ്ങൾ ലക്ഷ്മിയാകുന്നവരല്ലേ. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ശ്രീമതത്തെ കുറിച്ചുവെച്ച് പുരുഷാർത്ഥം ചെയ്യണം. ബാബ എന്ത് കർമ്മം ചെയ്ത് കാണിച്ചുവോ, അതുതന്നെ ചെയ്യണം. വിചാര സാഗര മഥനം ചെയ്ത് പോയിന്റ്സ് കണ്ടെത്തണം.

2) സ്വയം സ്വയത്തോട് പ്രതിജ്ഞ ചെയ്യണം ഞാൻ ബാബയുടെ ഓർമ്മയിലേ ഭക്ഷണം കഴിക്കൂ. അങ്ങ യോടൊപ്പമേ ഇരിക്കൂ, അങ്ങയോടൊപ്പമേ കഴിക്കൂ... ഈ വാക്ക് പൂർണ്ണമായും പാലിക്കണം.

## വരദാനം:-കർമ്മവും സംബന്ധവും ഇവ രണ്ടിന്റെയും സ്വാർത്ഥഭാവത്തിൽ നിന്ന് മുക്തമായിരിക്കുന്ന ബാപ്സമാൻ കർമ്മാതീതരായി ഭവിക്കട്ടെ.

താങ്കൾ കുട്ടികളുടെ സേവയാണ് എല്ലാവരെയും മുക്തരാക്കി മാറ്റുക. എങ്കിൽ മറ്റുള്ളവരെ മുക്തരാക്കി സ്വയത്തെ ബന്ധനത്തിൽ കുടുക്കരുത്. എപ്പോൾ പരിധിയുള്ള എന്റെ-എന്റെ എന്നതിൽ നിന്ന് മുക്തമാകുന്നുവോ അപ്പോൾ അവ്യക്ത സ്ഥിതിയുടെ അനുഭവം ചെയ്യാൻ സാധിക്കും. ആരാണോ ലൗകികവും അലൗകികവും, കർമ്മവും സംബന്ധവും ഇവ രണ്ടിന്റെയും സ്വാർത്ഥഭാവത്തിൽ നിന്നും മുക്തരായിരിക്കുന്നത് അവർക്ക് തന്നെയാണ് ബാബക്ക് സമാനം കർമ്മാതീത സ്ഥിതിയുടെ അനുഭവം ചെയ്യാൻ സാധിക്കുന്നത്. അതിനാൽ പരിശോധിക്കൂ എത്രത്തോളം കർമ്മങ്ങളുടെ ബന്ധനത്തിൽ നിന്ന് വേറിട്ടു? വ്യർത്ഥ സ്വഭാവ-സംസ്കാരങ്ങൾക്ക് വശപ്പെടുന്നതിൽ നിന്ന് മുക്തരായി?

## സ്ലോഗൻ:- ആരാണോ സരളചിത്തരും സഹജ സ്വഭാവവുമുള്ളവർ അവർ തന്നെയാണ് സഹജയോഗികളും ഭോലാനാഥന് പ്രിയപ്പെട്ടവരും.